(ഡി)യും (ഇ)യും പാറയിലെ സ്വർണ്ണം ഖനനം ചെയ്യുന്നതിന് വിപുലായ അടിസ്ഥാന സൗകര്യങ്ങളും വൻ മൂലധന നിക്ഷേപവും ആവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കാൻ കഴിയില്ല എന്നു വേണം കണക്കാക്കാൻ. ഇക്കാര്യത്തിൽ നയപരമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല.

വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ

23 [*353]ശ്രീ. മഞ്ഞാളാംകുഴി അലി :

,, രാജു എബ്രഹാം :

,, ടി. കെ. ബാലൻ :

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധമായി കേന്ദ്ര ട്രാൻസ്പോർട്ട് മന്ത്രാലയത്തിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിർദ്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) വാഹനങ്ങളിൽ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിനായുള്ള സംവിധാനം സംബന്ധിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ശുപാർ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) വ്യാജ നമ്പരുകളിൽ വാഹനങ്ങൾ നിരത്തിലിറക്കുന്നത് തടയാൻ സുരക്ഷാ നമ്പർ പ്ലേറ്റുകൾ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഇല്ല.

(ബി) ഉണ്ട്. മോട്ടോർ വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ 31-5-2005 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണെന്ന് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. അതി സുരക്ഷാ നമ്പർ പ്ലേറ്റുകൾ സംസ്ഥാനത്തെ മോട്ടോർ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് അനുയോജ്യരായ കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ക്രിമിനൽ കുറ്റങ്ങൾ, വ്യാജരേഖ നിർമ്മാണം തുടങ്ങിയവയ്ക്ക് സഹായകമാവുന്ന തരത്തിലുള്ളതാണ് നിലവിലുള്ള നമ്പർ പ്ലേറ്റുകൾ. എന്നാൽ അതി സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഈ വിധത്തിലുള്ള എല്ലാ ന്യൂനതകളും പരിഹരിക്കുന്ന വിധത്തിലാണ് രൂപ കല്പന ചെയ്തിട്ടുള്ളത്. തന്മൂലം വ്യാജ നമ്പരുകളിൽ വാഹനങ്ങൾ നിരത്തിലിറക്കുന്നത് തടയാൻ സുരക്ഷാ നമ്പർ പ്ലേറ്റുകൾ സഹായകരമാകുമെന്ന് സർക്കാർ കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly